## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊച്ചിൻ കോർപ്പറേഷൻ - തുരുത്തി ചേരി പുനരുദ്ധാരണം - ജി+11 ഫ്ലാറ്റ് - ടെണ്ടർ എക്സസ് - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)128/2017/തസ്വഭവ                                        തീയതി, തിരുവനന്തപുരം 17.01.2017.

---

പരാമർശം :- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 14.10.2016 ലെ ഡി.ബി2/11407/2015/സിഇ/തസ്വഭവ നമ്പർ കത്ത്.

### ഉത്തരവ്

കൊച്ചിൻ മുൻസിപ്പിൽ കോർപ്പറേഷൻ തുരുത്തി കോളനിയിൽ രാജീവ് ആവാസ് യോജനപദ്ധതി പ്രകാരം ജി+11 ഫ്ലാറ്റ് നിർമ്മാണ പ്രവൃത്തിയ്ക്കായി വിളിച്ച ആദ്യ ടെണ്ടറിൽ പങ്കെടുത്ത ആരും തന്നെ യോഗ്യത നേടാത്തതിനാൽ റീ ടെണ്ടർ ചെയ്തു. റീ ടെണ്ടറിൽ പങ്കെടുത്ത യോഗ്യതയുള്ള ഏക കരാറുകാരനായ M/s SITCO Associates സമർപ്പിച്ച ദർഘാസ് പ്രകാരം എസ്റ്റിമേറ്റ് നിരക്കിനേക്കാളും 24.4% അധികരിച്ച നിരക്കാണ് ക്വോട്ട് ചെയ്തത്. ആയത് നേഗോഷ്യേറ്റ് ചെയ്ത് 23.7% ആയി കുറയ്ക്കുകയുണ്ടായി. കരാറുകാരൻ ക്വാട്ട് ചെയ്ത തുക നിലവിലെ ഡി.എസ്.ആർ നിരക്കുമായി താരതമ്യം ചെയ്തപ്പോൾ 1.89% കുറവുള്ളതായും, എൽ.എം.ആർ.നിരക്കുമായി താരതമ്യം ചെയ്തപ്പോൾ 3.14% കുറവുള്ളതായും കാണുന്നതായും, 64.5582 കോടി രൂപ അടങ്കലുണ്ടായിരുന്ന പദ്ധതി പാവങ്ങൾക്ക് വീട് വച്ച് നൽകുന്നതിനുള്ളതായതിനാൽ ടി പ്രവൃത്തിയുടെ ടെണ്ടർ എക്സസിന് അംഗീകാരം നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശത്തിലെ കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു.

02. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സെക്രട്ടറീസ് കമ്മിറ്റി മേൽ വിഷയം പരിഗണിയ്ക്കുകയും ടി പ്രവർത്തിക്ക് എസ്റ്റിമേറ്റ് നിരക്കിനെക്കാളും 23.7% ടെണ്ടർ എക്സസിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

03. സെക്രട്ടറീസ് കമ്മിറ്റിയുടെ തീരുമാനം സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തുരുത്തി കോളനിയിൽ രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം ജി + 11 ഫ്ലാറ്റ് നിർമ്മാണ പ്രവൃത്തിയുടെ ഏക കരാറുകാരനായ M/s SITCO Associates എസ്റ്റിമേറ്റ് നിരക്കിനെക്കാളും 23.7% അധികരിച്ച നിരക്ക് ക്വോട്ട് ചെയ്തത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

റ്റി.പി.വിജയകുമാർ,

സ്പെഷ്യൽ സെക്രട്ടറി.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, പബ്ലിക്ക് ഓഫീസ്, തിരുവനന്തപുരം.

സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / ആഡിറ്റ്, കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (Dev 3/238/2016-Fin (e 338400)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, ഐ&പി.ആർ.ഡി (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.